# നീര നാളത്തെ മന്ത്രിസഭാ യോഗം ചർച്ച ചെയ്യും

കാലടി-നീര ഉത്പാദിപ്പിക്കുന്നതിന് അന്തിമാനുമതി നൽകുന്നത് സംബന്ധിച്ച് നാളെ ചേരുന്ന മന്ത്രിസഭാ യോഗം ചർച്ച ചെയ്തേക്കും.ഇതിനായി അബ്കാരി നിയമത്തിൽ ഭേദഗതിയും വരുത്തേണ്ടതുണ്ട്.നീര ഉത്പാദനം സംബന്ധിച്ച് വിശദമായ പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് എക്സൈസ് വകുപ്പ് അംഗീകരിച്ചിരുന്നു.നാളികേര ബോർഡിൽ അംഗത്വമുള്ള ഏജൻസികൾക്കായിരിക്കും ആദ്യഘട്ടമായി നീര ഉത്പാദനത്തിന് അനുമതി നൽകുക.സംസ്ഥാനത്ത് കള്ളിന്റെ ക്ഷാമം മൂലം നിരവധി ഷാപ്പുകളാണ് അടച്ച് പൂട്ടിയിട്ടുള്ളത്. ഇവർക്കു കൂടി തൊഴിൽ ലഭ്യമാക്കുവാൻ നീര ഉത്പാദനത്തിന് അനുമതി നൽകുന്നതിലൂടെ കഴിയും. നീര പാർലറുകളും ആരംഭിക്കാനാണ് തീരുമാനം. ഇതുവഴി മദ്യപാനികളിൽ പലരേയും നീരയിലേക്ക് ആകർഷിക്കുവാനും കഴിഞ്ഞേക്കും.